# ലിജി തെങ്ങുകയറി; പിന്നാലെ ബാബുവും

**അജിത്ത് അമ്പലപ്പുഴ**

അമ്പലപ്പുഴ : കടത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയപ്പോൾ ലിജി ചിന്തിച്ചത് ആത്മഹത്യയെക്കുറിച്ചല്ല. ജോലി ചെയ്ത് ഭർത്താവിന് ഒരു കൈത്താങ്ങ് ആവണമെന്നാണ്. അങ്ങനെ കണ്ടെത്തിയ മാർഗമാണ് തെങ്ങുകയറ്റം. തന്നെക്കാളും വരുമാനം ഭാര്യ കൊണ്ടുവരുന്നത് കണ്ടതോടെ കൂലിപ്പണിക്കാരനായിരുന്ന ബാബുവിനും മുളച്ചു മനസിലൊരാഗ്രഹം. അങ്ങനെ ഭാര്യയെ ഗുരുവാക്കി ബാബുവും തുടങ്ങി തെങ്ങുകയറാൻ. ഇരുവരും തെങ്ങുകയറ്റക്കാരായതോടെ കുടുംബവരുമാനത്തിന്റെ ഗ്രാഫും ഉയർന്നുതുടങ്ങി.

തകഴി ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് അമ്പതിൽച്ചിറ വീട്ടിൽ ബാബുവിന്റെ ഭാര്യ ലിജി (28) ആണ് തൊഴിൽ അന്വേഷകർക്ക് മാതൃകയായി സ്വപ്രയത്നത്തിലൂടെ മികച്ച വരുമാനം കണ്ടെത്തുന്നത്. ഒരു തെങ്ങിൽ കയറുന്നതിന് ഇരുപത്തഞ്ച് രൂപയും ഒരു തേങ്ങയുമാണ് കൂലി. ലിജി ഒരു ദിവസം ഇരുപത്തഞ്ചോളം തെങ്ങിൽ കയറുന്നുണ്ട്.



*ലിജി തെങ്ങിനു മുകളിൽ*



*ലിജിയും ഭർത്താവ് ബാബുവും*

പ്രീഡിഗ്രിയും കംപ്യൂട്ടർ ഡിപ്ളോമയും പാസായ ലിജി തണ്ണീർമുക്കത്ത് നാളികേര വികസനബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ചങ്ങാതിക്കൂട്ടം സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുത്താണ് ഈ തൊഴിൽ പഠിച്ചത്.

യന്ത്രത്തിലുള്ള ബലമേറിയ കമ്പി ആദ്യമേ തെങ്ങിൽ ചുറ്റും. തുടർന്ന് ചുറ്റിയ കമ്പിയിൽ ഇരുവശങ്ങളിലുമായി പിടിപ്പിച്ചിട്ടുള്ള മറ്റുരണ്ട് കമ്പികളിൽ കാലുറപ്പിച്ചശേഷം ശരീരവും യന്ത്രവുമായി ബന്ധിപ്പിച്ച് ബെൽറ്റിട്ടുമുറുക്കും. തുടർന്ന് കാലുകൾ മുകളിലേക്ക് ചലിപ്പിക്കുന്നതനുസരിച്ച് യന്ത്രവും മുകളിലേക്ക് നീങ്ങും. തേങ്ങയിട്ടശേഷം ഇതേ രീതിയിൽ കാലുകൾ താഴേയ്ക്ക് ചലിപ്പിച്ച് ഇറങ്ങും. സൈക്കിൾ ചവിട്ടുന്നതുപോലെ. വെട്ടുകത്തികൊണ്ട് തേങ്ങയുടെ തൊണ്ടിൽ കൊത്തിനോക്കിയാണ് മൂപ്പറിയുന്നത്. സാധാരണ ഒരുതെങ്ങ് കയറിയിറങ്ങാൻ പത്തുമിനിട്ടോളമേ എടുക്കുകയുള്ളുവെന്ന് ലിജി പറഞ്ഞു.

പാടശേഖരത്തിന്റെ ചിറയിൽ നാലുസെന്റ് സ്ഥലത്ത് പണിപൂർത്തിയാകാത്ത ചെറിയ വീട്ടിലാണ് ബാബുവും ലിജിയും രണ്ട് കുട്ടികളും അടങ്ങിയ കുടുംബം കഴിയുന്നത്. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എഴുപത്തയ്യായിരം രൂപ വീട് നിർമ്മാണത്തിന് ലഭിച്ചെങ്കിലും അതുകൊണ്ട് ഒന്നുമാകാതെ പലിശയ്ക്ക് പണമെടുത്താണ് വീടിന്റെ പണി നടത്തുന്നത്. പുലർച്ചെ അഞ്ചുമണിയോടെ ഉറക്കമുണരുന്ന ലിജി അടുക്കളജോലി തീർത്തശേഷം ഏഴുമണിയോടെ ഭർത്താവുമൊത്ത് തെങ്ങുകയറ്റത്തിന് ഇറങ്ങും. രണ്ടുപേരും സൈക്കിളിന് പിന്നിൽ യന്ത്രവും കെട്ടിവച്ചാണ് യാത്ര.

## ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി

നാളികേര വികസനബോർഡാണ് തെങ്ങുകയറ്റത്തിനുള്ള ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി നടത്തുന്നത്. 18–40 വയസുള്ള തൊഴിൽരഹിതരായ യുവതീയുവാക്കളെയാണ് പരിഗണിക്കുന്നത്. ആറുദിവസമാണ് പരിശീലനം. പരിശീലനകേന്ദ്രത്തിൽ താമസിക്കണമെന്ന് നിർബന്ധമുണ്ട്. പരിശീലനത്തിന് വരുന്നവർ തെങ്ങിന്റെ ചങ്ങാതിമാരാകണം. പരിശീലനത്തിന്റെ ഭാഗമായി യോഗപരിശീലനം, സാമൂഹ്യവിജ്ഞാനം, മനഃശാസ്ത്രം, ആരോഗ്യബോധവത്കരണം തുടങ്ങിയവയിൽ ക്ളാസെടുക്കും. ഒരുദിവസം 150 രൂപ സ്റ്റൈപ്പെൻഡും ലഭിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്നവരെ നാളികേര ബോർഡ് ഒരുവർഷത്തേക്ക് ഇൻഷ്വർ ചെയ്യും. പ്രീമിയംതുക ബോർഡാണ് നൽകുന്നത്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സൗജന്യമായി തെങ്ങുകയറ്റ യന്ത്രവും ലഭിക്കും.

പരിശീലനം ഈ മാസം പകുതിയോടെ ആരംഭിക്കുമെന്ന് നാളികേര വികസന ബോർഡ് അധികൃതർ പറയുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2377266